OUR WEB SITES: www.kaumudiplus.com (Internet news paper) www.kalakaumudi.com (Mal. Weekly) www.vellinakshatram.com (Cinema) www.muhurtham.com (Spritual) www.snehitha.com (Women's) www.ayurarogyam.com (Health) kathamagazine.com (Literary) www.fireonnet.com (Fortnightly), www.powrusham.com (men's), www.keralakaumudi.com (Mal. Daily) www.kaumudi.com (Eng. Daily)
വാർത്തകൾക്ക് 022-22025106, പരസ്യത്തിന് 022-22025196 . Fax: 22040679,0471-3078979 e-mail:kalakaumudimumbai@gmail.com. kalakaumudidaily@gmail.com

▪ ബാംഗ്ളൂർ – കോഴിക്കോട് റൂട്ടിൽ രാത്രിയാത്രാനിരോധനം തുടരാം: ഹൈക്കോടതി

കേരളത്തിന്റെ ഹർജി കോടതി തള്ളി

ബാംഗ്ളൂർ: കോഴിക്കോട് – ബാംഗ്ളൂർ റൂട്ടിൽ ദേശീയ പാത 212ൽ സുൽത്താൻ ബത്തേരിമുതൽ ഗുണ്ടൽപേട്ട് വരെ രാത്രിയാത്രനിരോധിച്ചുകൊണ്ടുള്ള കർണാടകത്തിലെ ചാമരാജ്നഗർ ജില്ലകളക്ടറുടെ ഉത്തരവ് നിലനിൽക്കുന്നതാണെന്ന് കർണാടക ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഇന്നലെ വിധിച്ചു. ഇതിനെതിരെ കേരള സർക്കാർ നൽകിയ ഹർജി ജസ്റ്റീസ് വി.ഗോപാലഗൗഡ, ജസ്റ്റീസ് ബി. എസ്.പാട്ടീൽ എന്നിവർ അടങ്ങിയ ഡിവിഷൻ ബഞ്ച്തള്ളി.

രാത്രി ഒൻപത് മുതൽ രാവിലെ ആറുവരെയാണ് നിരോധനം. ഇത് തുടരും. ഇതിനെതിരെ കർണാടക മുഖ്യമന്ത്രി നൽകിയ ഉത്തരവ് നിലനിൽക്കില്ല. കേരളത്തിലേക്ക് യാത്ര നടത്താൻ ബദൽ റോഡ് ഉപയോഗിക്കാം. ഈ റോഡ് കർണാടക സർക്കാർ ആറുമാസത്തിനകം നന്നാക്കി ഗതാഗതയോഗ്യമാക്കി നൽകും. ഇതുസംബന്ധിച്ച് കർണാടക ഹൈക്കോടതിയിൽ ആറുമാസത്തിനകം റിപ്പോർട്ട് നൽകണം. ഈ റൂട്ടിലെ റോഡ്,പാലം എന്നിവ മെച്ചപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി കഴിയുന്നതും വേഗം കോടതിയിൽ അഫിഡവിറ്റ്നൽകണം. രാത്രിയാത്ര നിരോധനം നിലനിൽക്കണമെന്നാവശ്യപ്പെട്ട് ശ്രീനിവാസ ബാബു, വയനാട്ടിലെ പ്രകൃതി സംരക്ഷണ സമിതി എന്നിവ നൽകിയ ഹർജി നിലനിൽക്കും. നിരോധനത്തിനെതിരെ കേരള സർക്കാർ, തമിഴ്നാട് സർക്കാർ, കർണാടക കേരളട്രാവലേഴ്സ് ഫോറം, സ്വകാര്യബസുടമകൾ, കെ. എസ്. ആർ. ടി. സി., കോഴിക്കോട്, വയനാട് എം. പി. മാർ എന്നിവർ നൽകിയ ഹർജി കോടതി തള്ളി. സ്വകാര്യബസ് ഉടമകൾ ഉന്നയിച്ച ആവശ്യമായ നാഷണൽ ഹൈവേയിൽ നിരോധനം ഏർപ്പെടുത്താൻ ചാമരാജ്നഗർ കളക്ടർക്ക് അധികാരമില്ലെന്ന വാദം പരിശോധിച്ച് വേണ്ടത് ചെയ്യാൻ കർണാടക ചീഫ്സെക്രട്ടറിക്ക് കോടതി നിർദേശം നൽകി.



ബദൽ റൂട്ട് നാഗർഹോള നാഷണൽ പാർക്ക്‌വഴി

ബാംഗ്ളൂർ: ബന്ദിപൂർ നാഷണൽ പാർക്കിലെ വന്യജീവി സംരക്ഷണത്തിനായി ചാമരാജ്നഗർ ജില്ലാകളക്ടർ ദേശീയ പാത 212 ൽ നിരോധനം ഏർപ്പെടുത്തിയപ്പോൾ ബദൽ റോഡായി തുറന്നത് നാഗർഹോള നാഷണൽ പാർക്കിലൂടെയാണ്. നാഗർഹോളയും ബന്ദിപ്പൂരിനെ പോലെ ടൈഗർ റിസർവ്വ് വനമാണ്. ഗുണ്ടൽപേട്ടിൽ നിന്ന് സർഗൂർ, ഹുൻസൂർ വഴി നാഗർഹോള വനത്തിലൂടെ കുട്ട,മാനന്തവാടി, പനമരം, കൽപറ്റ വഴിയാണ് ബദൽ റോഡ്, അൻപതിലേറെ കിലോമീറ്റർ അധികം സഞ്ചരിച്ച് വേണം കൽപ്പറ്റയിൽ എത്താൻ.

നേരത്തെ ഗുണ്ടൽപേട്ട് സുൽത്താൻ ബത്തേരി, കൽപറ്റ വഴിയാണ് പോയിരുന്നത്. ബദൽ റോഡിൽ യാത്രാ ദൈർഘ്യമല്ല യഥാർത്ഥ പ്രശ്നം. ബോണികുപ്പെ മുതൽ തോൽപെട്ടിവരെയുള്ള റോഡിന്റെ ദുർഘടമായ അവസ്ഥയാണ് ദുരിതം. ഈ റോഡ് പേരിനല്ലാതെ ഇവിടെ റോഡില്ല എന്നുതന്നെ പറയാം.

കർണാടകം നിലപാട് മാറ്റിയത് വിനയായി

ബാംഗ്ളൂർ: രാത്രിയാത്ര നിരോധന കാര്യത്തിൽ കർണാടക സർക്കാർ കോടതിയിൽ നിലപാട് മാറ്റിയത് കേരളത്തിന്റെ താൽപര്യങ്ങൾക്ക് തിരിച്ചടിയായി. കേരള മന്ത്രി ബിനോയ് വിശ്വം, കെ.പി.സി.സി.പ്രസിഡന്റ് രമേശ്ചെന്നിത്തല, ബിജെപി അധ്യക്ഷൻ പി.കെ.കൃഷ്ണദാസ്, കോഴിക്കോട്, വയനാട് എം.പി. മാർ, കൃഷ്ണപ്രസാദ് എം. എൽ. എ, എന്നിവർ ഉൾപ്പെടെ നിരവധി പ്രതിനിധി സംഘങ്ങൾ ഇക്കാര്യത്തിൽ കർണാടകത്തിലെത്തി മുഖ്യമന്ത്രി ബി. എസ്. യെദിയൂരപ്പയ്ക്ക് നിവേദനം നൽകിയിരുന്നു.

കർണാടകത്തിലെ ഒരു വകുപ്പും നിരോധനത്തെ അനുകൂലിക്കില്ല. കോടതിയിൽ നിരോധനം നീക്കികിട്ടാൻ എല്ലാ പരിശ്രമവും നടത്തുമെന്ന് കർണാടക അഡ്വ. ജനറലിനെ സാക്ഷിനിറുത്തി മുഖ്യമന്ത്രി കേരള പ്രതിനിധികൾക്ക് ഉറപ്പ് നൽകിയതാണ്. എന്നാൽ കോടതിയിൽ കർണാടക അഡ്വക്കേറ്റ് ജനറൽ അശോക് ഹരനഹള്ളി നിരോധനത്തെ ശക്തമായി അനുകൂലിക്കുകയായിരുന്നു. രാത്രി യാത്ര നിരോധനം അനിവാര്യമാണെന്നും മൃഗങ്ങളുടെ സംരക്ഷണത്തിന് വേറെ മാർഗമില്ലെന്നും ബദൽ റോഡുകൾ യാത്രയോഗ്യമാണെന്നും വെറും അരമണിക്കൂർ മാത്രമേ ഈറോഡ് ഉപയോഗിച്ചാൽ അധികം യാത്ര ചെയ്യേണ്ടിവരികയുള്ളുവെന്നും റോഡിൽ അപാകതയുണ്ടെങ്കിൽ പെട്ടെന്നു തന്നെ അത് നന്നാക്കാൻ സർക്കാർ തയ്യാറാണെന്നും മറ്റുമാണ് കർണാടക സർക്കാരിന് വേണ്ടി അഡ്വ. ജനറൽ കോടതിയെ അറിയിച്ചത്. മൃഗങ്ങളുടെ അവസ്ഥയെ കുറിച്ച് കോടതിയിൽ അഡ്വ. ജനറലിന്റെ നിർദേശപ്രകാരം കർണടക വനം വകുപ്പ് പവർപോയന്റ് പ്രസന്റേഷനും അവതരിപ്പിച്ചു.

ബാംഗ്ളൂർ – മലബാർ യാത്രാദുരിതം സ്ഥിരപ്പെടുത്തിയ ഉത്തരവ്

ബാംഗ്ളൂർ:കോഴിക്കോട്ടുനിന്ന് ബാംഗ്ളൂരിൽ വന്ന് ജോലി ചെയ്യുന്നവർക്കും ബാംഗ്ളൂരിൽ പഠിക്കുന്ന ഉത്തരകേരളത്തിലെ വിദ്യാർത്ഥികൾക്കും ബാംഗ്ളൂരിലെ ആശ്രയിച്ച് കച്ചവടം ചെയ്യുന്നവർക്കും ആണ് രാത്രിയാത്രാനിരോധനം ഏറെ ദുരിതം ഉണ്ടാക്കിയത്. കോഴിക്കോടുനിന്ന് ബാംഗ്ളൂരിലേക്കെത്താൻ എട്ടുമണിക്കൂർ മതി. വൈകിട്ട് ജോലികഴിഞ്ഞ്, അല്ലെങ്കിൽ ക്ളാസ് കഴിഞ്ഞ് വെള്ളിയാഴ്ച രാത്രി വണ്ടികയറിയാൽ പിറ്റേന്ന്നാട്ടിലെത്താം. എന്നാൽ രാത്രിയാത്ര നിരോധിച്ചതോടെ ഈ സൗകര്യം ഇല്ലാതായി. ഇപ്പോൾ നാട്ടിൽ പോകണമെങ്കിൽ ഒരു ദിവസത്തെ അവധി അധികം എടുക്കണം. ഇന്ന് ബാംഗ്ളൂരിൽ നിന്ന് സാധനം വാങ്ങി പിറ്റേന്ന് നാട്ടിലെ മാർക്കറ്റിൽ എത്തിച്ച് വിൽപന നടത്തിയിരുന്നവർക്കുംനിരോധനം തിരിച്ചടിയായി.

ബാംഗ്ളൂരിനും കോഴിക്കോടിനുമിടയിൽ സർവ്വീസ്നടത്തുന്ന സ്വകാര്യബസുകൾക്കും കെ. എസ്. ആർ. ടി. സി. ബസിനും നിരോധനം ചില്ലറ നഷ്ടമൊന്നുമല്ല വരുത്തിയത്. നാട്ടിലേക്ക് ബാംഗ്ളൂരിൽ നിന്ന് നടത്തുന്ന സർവ്വീസുകളുടെ എണ്ണം പോലും ചുരുക്കപ്പെട്ടു.

കോഴിക്കോട് ബാംഗ്ളൂർ യാത്രക്കാരുടെ വേറൊരു ദുരിതം ബാംഗ്ളൂരിൽ നിന്ന് നാട്ടിലെത്താൻ ആകെ ഒരു തീവണ്ടിമാത്രമേ ഉള്ളുവെന്നതാണ്. അതാകട്ടെ ബസ്യാത്രയെ അപേക്ഷിച്ച് ഇരട്ടി സമയം എടുത്താണ് ബാംഗ്ളൂരിൽ നിന്ന് നാട്ടിലെത്തുന്നത്.

കേന്ദ്രസർക്കാർ ഉടനടി പരിഹാരമുണ്ടാക്കണം: മന്ത്രി ജോസ് തെറ്റയിൽ

ബാംഗ്ളൂർ: കോഴിക്കോട് ബാംഗ്ളൂർ പാതയിൽ ഗുണ്ടൽപേട്ട്മുതൽ സുൽത്താൻ ബത്തേരിവരെ രാത്രി യാത്ര നിരോധിച്ച കർണാടകത്തിലെ ചാമരാജ്നഗർ ജില്ലാകളക്ടറുടെ ഉത്തരവിനെ കർണാടക ഹൈക്കോടതി ശരിവെച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ഉടനടി ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്ന് കേരള ഗതാഗത വകുപ്പ്മന്ത്രി ജോസ്തെറ്റയിൽ പറഞ്ഞു.

കർണാടക ഹൈക്കോടതിവിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ നിയമ തീരുമാനത്തെക്കാൾ ഭരണ തീരുമാനമാണ് ഇനി ഉണ്ടാകേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ബന്ദിപ്പൂർ നാഷണൽ പാർക്കിന് പകരം നാഗർഹോള നാഷണൽ പാർക്കിലൂടെ വാഹനങ്ങൾ രാത്രി പോകാനാണ് പറയുന്നത്. ഇതിലെ യുക്തി മനസിലാകുന്നില്ല. മന്ത്രി പറഞ്ഞു.

ഉത്തരകേരളത്തേയും കർണാടകത്തേയും ബന്ധിപ്പിക്കുന്ന ഏക പാതയാണ് നിരോധിക്കപ്പെട്ടത്.

ഇത് സാധാരണക്കാരന്റെ സഞ്ചാരസ്വാതന്ത്ര്യത്തേയാണ് ഹനിക്കുന്നത്. രാത്രിയാത്ര നിരോധിച്ച കാരണത്താൽ തന്നെ പകൽ യാത്രയും നിരോധിക്കപ്പെടാനുള്ള സാധ്യതയും ഏറെയാണ് മന്ത്രി ചൂണ്ടിക്കാട്ടി.

കർണാടക മുഖ്യമന്ത്രിയെ കാണും: വി. മുരളീധരൻ

ബാംഗ്ളൂർ: കോഴിക്കോട് ബാംഗ്ളൂർ റൂട്ടിലെ ഗതാഗത നിരോധനം കോടതി ശരിവെച്ച സാഹചര്യത്തിൽ ഇനിയും എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാൻ കർണാടക മുഖ്യമന്ത്രി ബി. എസ്. യെദിയൂരപ്പയെ കണ്ട് ചർച്ച നടത്തുമെന്ന് ബിജെപി കേരള സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ പറഞ്ഞു. കോടതി വിധി നിർഭാഗ്യകരമായെന്ന പറഞ്ഞ മുരളീധരൻ കേരള സർക്കാരും ഇക്കാര്യം പരിഹരിക്കാൻ അടിയന്തിര നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു.

സുപ്രീം കോടതിയെ സമീപിക്കും: എം. ഐ. ഷാനാവസ് എം. പി

ബാംഗ്ളൂർ: കോഴിക്കോട് ബാംഗ്ളൂർ റൂട്ടിലെ ഗതാഗത നിരോധനം കോടതി ശരിവെച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ സുപ്രീം കോടതിയെ സമീപിക്കാൻ കേരള, കേന്ദ്ര സർക്കാരുകൾ മുന്നോട്ട്വരണമെന്ന് വയനാട് എം. പി. ഐ. ഐ ഷാനാവാസ് പറഞ്ഞു. എം. പി യെന്ന നിലയിൽ ഇക്കാര്യത്തിൽ നിയമയുദ്ധം തുടരുമെന്നും അദ്ദേഹം പറഞ്ഞു. വിധി ജനങ്ങൾക്ക് കൂടുതൽ ദുരിതമാണ് ഉണ്ടാക്കിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എം. ഐ. ഷാനാവാസും എം. കെ. രാഘവൻ എം. പിയും കർണാടക ഹൈക്കോടയിൽ നടന്ന കേസിൽ കക്ഷിചേർന്നിരുന്നു.

▪ വ്യാജ ടാർബിൽ കേസന്വേഷണം മരവിച്ചു

കോടതി ക്രൈംബ്രാഞ്ചിന്റെ വിശദീകരണം തേടി

കൊച്ചി: നാനൂറു കോടി രൂപയുടെ വ്യാജ ടാർ ബിൽ തട്ടിപ്പു കേസിന്റെ അന്വേഷണം ഏറ്റെടുത്തു രണ്ടു വർഷം കഴിഞ്ഞിട്ടും ഒരു പ്രതിയെപോലും കണ്ടെത്താനാവാത്തതിനെക്കുറിച്ച് എറണാകുളം അഡിഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതി ക്രൈംബ്രാഞ്ചിന്റെ വിശദീകരണം തേടി. രണ്ടാഴ്ചയ്ക്കകം മറുപടി നൽകാനാണ് മജിസ്ട്രേട്ട് എൻ. ലീലാമണിയുടെ ഉത്തരവ്.

''ക്രൈംബ്രാഞ്ചിന്റെ ഭാഗത്തു നിന്ന് ആത്മാർത്ഥമായ ശ്രമമുണ്ടായിട്ടില്ല. വ്യാജ ടാർ ബില്ലുകളുണ്ടാക്കിയതിന്റെ വിവരം ലഭിച്ചിട്ടും കരാറുകാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാത്തത് എന്തുകൊണ്ട്? എറണാകുളം ജില്ലയിലെ സമാന കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷിക്കാത്തതിന്റെ കാരണവും അറിയിക്കണം.'' കോടതി ക്രൈംബ്രാഞ്ച് എസ്.പി എ.ജെ തോമസ്കുട്ടിക്ക് അയച്ച കത്തിൽ പറയുന്നു. 2008 ജൂലായ് 18നാണ് തോമസ്കുട്ടിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം ഏറ്റെടുത്തത്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും ശേഖരിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തതായി ക്രൈംബ്രാഞ്ച് കോടതിയെ അറിയിച്ചിരുന്നു. അതത് പൊലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യാൻ എ.ഡി.ജി.പിയുടെ അനുമതി തേടിയതായി ആവർത്തിച്ചു റിപ്പോർട്ടു ചെയ്യുന്നതല്ലാതെ മറ്റൊന്നുമുണ്ടായില്ലെന്ന് കോടതി കണ്ടെത്തി. എറണാകുളം ജില്ലയിലെ ടാർബിൽ തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാൻ യൂണിറ്റു രൂപീകരിച്ചിട്ടില്ലെന്നും ആരെയും ക്രൈംബ്രാഞ്ച് ചുമതലപ്പെടുത്തിയില്ലെന്നും മജിസ്ട്രേട്ട് കോടതി കത്തിൽ കുറ്റപ്പെടുത്തുന്നുണ്ട്.

വ്യാജ ടാർബില്ലുണ്ടാക്കി പണം തട്ടിയതിനു പിന്നിൽ ഉന്നത രാഷ്ട്രീയ ബന്ധമുള്ള കരാറുകാരാണെന്നും അവരെ രക്ഷിക്കാൻ ഭരണതലത്തിൽതന്നെ ചരടുവലികൾ ശക്തമായി നടക്കുന്നുണ്ടെന്നും ഹൈക്കോടതി നേരത്തേ കുറ്റപ്പെടുത്തിയിരുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രതികളുടെ സ്വന്തം പൊലീസാണുള്ളതെന്നും പ്രതികൾക്കൊപ്പം നീങ്ങാനാണ് സർക്കാരും ശ്രമിക്കുന്നതെന്നും കേസിലെ പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളിക്കൊണ്ട് ജസ്റ്റിസ് കെ. ഹേമ വിമർശിച്ചിരുന്നു. ഹൈക്കോടതി നിർദ്ദേശ പ്രകാരമാണ് അഡിഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതിയുടെ മേൽനോട്ടത്തിൽ രണ്ടുവർഷമായി അന്വേഷണം നടക്കുന്നത്. ആദ്യം അന്വേഷിച്ച ലോക്കൽ പൊലീസ് ഏഴു കരാറുകാരെ അറസ്റ്റ് ചെയ്തിരുന്നു.

കോടതി നിർദ്ദേശങ്ങളിൽ അന്വേഷണ പുരോഗതിയില്ലാത്തവ

* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് കേസുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടപ്പെട്ടെങ്കിൽ കണ്ടെത്തണം. ഫയൽ നഷ്ടപ്പെട്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.
* ദുരൂഹ സാഹചര്യത്തിൽ മരിച്ച മുഖ്യപ്രതി രാജേഷിന്റെ കമ്പ്യൂട്ടറിൽ നിന്നു ലഭിച്ച വ്യാജ ഇൻവോയ്സുകളെക്കുറിച്ചുള്ള തുടരന്വേഷണം.
* രാജേഷിന്റെ മരണം കൊലപാതക കേസായി രജിസ്റ്റർ ചെയ്ത് അന്വേഷിക്കണം.
* കണ്ണൂർ ജില്ലയിലെ ചന്ദ്രഗിരി കൺസ്ട്രക്ഷൻസ്, ഉരലുങ്കൽ ലേബർ കോൺട്രാക്ടർ സൊസൈറ്റി, കെ.കെ ബിൽഡേഴ്സ്, ചട്ടംചാൽ കൺസ്ട്രക്ഷൻസ്, ജാസ്മിൻ കൺസ്ട്രക്ഷൻസ് എന്നീ സ്ഥാപനങ്ങൾ വിവിധ സർക്കാർ ഓഫീസുകളിൽ നൽകിയ ഇൻവോയ്സുകൾ സൂക്ഷ്മ പരിശോധന നടത്തി നടപടി സ്വീകരിക്കണം.
* കേസിലെ മുഖ്യപ്രതിയായിരുന്ന രാജേഷിന്റെ കുറ്റസമ്മത മൊഴി തിരുത്തിയതിനെക്കുറിച്ച് അന്വേഷിക്കണം.

(നിരവധി കോൺട്രാക്ടർമാരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുന്ന മൊഴിയുടെ അവസാന പേജിൽ മൂന്നുപേരുകൾ മായ്ച്ചിട്ടുണ്ട്.

കേസ് ഡയറിയിൽ 49 മുതൽ 59 വരെയുള്ള പേജിലാണ് കുറ്റസമ്മത മൊഴി. എന്നാൽ ഇതിൽ എസ്.ഐ. ഒപ്പിട്ടിട്ടില്ലെന്നും ഹൈക്കോടതി കണ്ടെത്തിയിരുന്നു.)

2009ലെ ബിസിനസ്സ് എക്സലൻസ് അവാർഡിനർഹനായ കുന്നത്ത് ഫാർമസ്യൂട്ടിക്കൽസിന്റെ മാനേജിംഗ് ഡയറക്ടർ ഡോ. കെ. സി. എബ്രഹാം രാഷ്ട്രപതി പ്രതിഭാപാട്ടീലിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു.

ഡോ. കെ. സി. എബ്രഹാമിന് അവാർഡ്

മുംബയ് : മുസ്ലി പവർ എക്സ്ട്രായുടെ നിർമ്മാതാക്കളായ കുന്നത്ത്ഫാർമസ്യൂട്ടിക്കൽസിന്റെ മനേജിംഗ് ഡയറക്ടർ കെ. സി. എബ്രഹാം ബിസ്സിനസ്സ് എക്സലൻസ്സ് അവാർഡിനർഹനായി രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പട്ടീൽ അവാർഡ് വിതരണം ചെയ്തു.

ടിപ്പു ക്രൂശിക്കപ്പെടുന്ന ചരിത്രപുരുഷൻ: സമദാനി

കോഴിക്കോട്: ഇന്നും ക്രൂശിക്കപ്പെടുന്ന ചരിത്രപുരുഷനാണ് ടിപ്പു സുൽത്താനെന്ന് അബ്ദുസ്സമദ് സമദാനി എം.പി. അഭിപ്രായപ്പെട്ടു.

ഇന്ത്യയുടെ ഹൃദയം കണ്ടറിഞ്ഞ ഒരു മതേതര ഭരണാധികാരിയായിരുന്നു അദ്ദേഹം. മൗലാനാ മുഹമ്മദ് ഇൽയാസ് നദ്‌വി രചിച്ച ''ടിപ്പുസുൽത്താൻ' എന്ന കൃതിയുടെ പ്രകാശനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു സമദാനി.

മതമൈത്രിയുടെ പ്രതീകമായിരുന്ന ടിപ്പു മരണശേഷം തെറ്റിദ്ധരിപ്പിക്കപ്പെടുകയായിരുന്നു. അദ്ദേഹം ഹിന്ദു വിരുദ്ധഭരണാധികാരിയായിരുന്നില്ല. സാമ്രാജ്യത്വ ശക്തികൾ വികൃതമാക്കിയ ടിപ്പുവിന്റെ ചരിത്രമാണ് ഇന്നും ജനങ്ങൾക്കറിയുന്നത്.

ഇന്ത്യൻ ഭരണാധികാരികളെ ബ്രിട്ടീഷുകാർക്കെതിരെ അണിനിരത്താൻ ടിപ്പു ശ്രമിച്ചിരുന്നു.

അതിൽ ഹിന്ദു ഭരണാധികാരികളും ഉൾപ്പെടുന്നുണ്ട്.

ടിപ്പുവിന്റെ സുഹൃത്തുക്കളും ഭരണ സഹായികളും ഹിന്ദുമതക്കാരായിരുന്നു. എന്നിട്ടും അദ്ദേഹം മതതീവ്രവാദിയായി ചിത്രീകരിക്കപ്പെട്ടു–സമദാനി പറഞ്ഞു.

പ്രസ്ക്ലബിൽ നടന്ന ചടങ്ങിൽ ലഖ്നൗവിലെ നദ്‌വത്തുൽ ഉലൂം ഡയരക്ടർ മൗലാനാ അബ്ദുല്ല ഹസനി പ്രകാശനം നിർവഹിച്ചു.

കോഴിക്കോട്ടെ മുഫക്കിറുൽ ഇസ്ലാം ഫൗണ്ടേഷനാണ് പ്രസാധകർ. ഗ്രന്ഥകർത്താവ് മൗലാന മുഹമ്മദ് ഇൽയാസ് നദ്‌വി, അബ്ദുൽ ഹൈദർ മൗലവി, എ.എ. വഹാബ്, വി. റസൂൽ ഗഫൂർ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

▪ വനിതാസംവരണബിൽ

കോൺഗ്രസിന്റെ ആത്മാർത്ഥതയിൽ സംശയമുണ്ട്– പിണറായി

ആലപ്പുഴ: വനിതാ സംവരണബിൽ പാസാക്കാനുള്ള കോൺഗ്രസിന്റെ ആത്മാർത്ഥയിൽ സംശയമുണ്ടെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞു. ബിൽ പാസാക്കുമെന്ന് പറഞ്ഞിട്ട് സമയമായപ്പോൾ പുറകോട്ട് പോയ കോൺഗ്രസ് വഞ്ചനാപരമായ നിലപാടാണ് സ്വീകരിച്ചത്. വിലക്കയറ്റത്തിനെതിരെ സി.പി.എം നടത്തുന്ന കേന്ദ്ര സർക്കാർ ഓഫീസ് ഉപരോധത്തിന്റെ ഭാഗമായി ആലപ്പുഴ ടെലികോം ഓഫീസിനുമുന്നിൽ നടന്ന സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാർലമെന്റിൽ എതിർപ്പ് വന്നതുകൊണ്ടാണ് ബിൽ പാസാകാതിരുന്നതെന്ന കോൺഗ്രസ് നിലപാടിൽ സംശയമുണ്ട്. എന്നാൽ എതിർപ്പിന്റെ പേരിൽ ഒരു കാര്യവും ഭരണകക്ഷികൾ മാറ്റിവച്ചിട്ടില്ല. ആണവ കരാറിന്റെ പേരിലുണ്ടായ എതിർപ്പ് അവഗണിച്ചാണ് കേന്ദ്രം കരാർ നടപ്പാക്കാൻ തീരുമാനിച്ചത്. ആണവ കരാറിന്റെ കാര്യത്തിൽ കാണിച്ച വാശി വനിതാ സംവരണബില്ലിന്റെ കാര്യത്തിൽ കാണിക്കാതിരുന്നതിന് പിന്നിൽ മറ്റെന്തോ ഉദ്ദേശമുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് പിണറായി പറഞ്ഞു.

വിലക്കയറ്റത്തിനെതിരായ സി.പി.എം സമരം പൊലീസിനെ നോക്കുകുത്തിയാക്കിയാണ് നടത്തുന്നതെന്ന ഉമ്മൻചാണ്ടിയുടെ ആരോപണം കാര്യങ്ങളെ തെറ്റായി പ്രചരിപ്പിക്കാൻ വേണ്ടിയാണ്. ഉമ്മൻചാണ്ടി സംസ്ഥാനം ഭരിക്കുമ്പോഴും സി.പി.എം സമരം നടത്തിയിട്ടുണ്ട്. സി.പി.എം സമരം മാവോയിസ്റ്റ്, നക്സലൈറ്റ് രീതിയിലാണെന്ന ഉമ്മൻചാണ്ടിയുടെ ആരോപണത്തിന് മറുപടി പറയാൻ അറിയില്ല. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ സി.പി.എം ജില്ലാ ഭരണസിരാ കേന്ദ്രങ്ങളിൽ പത്തുദിവസം സമരം നടത്തിയിട്ടുണ്ടെന്ന കാര്യം മറന്നുപോകരുത്. സമരത്തിലെ ജനബാഹുല്യം കണ്ട് അന്ന് ഉമ്മൻചാണ്ടി സർക്കാർ വിറളി പൂണ്ടിരുന്നു.

കേന്ദ്ര സർക്കാർ ജനവിരുദ്ധ നിലപാട് സ്വീകരിക്കുമ്പോൾ ഒന്നിച്ചിരുന്ന് കൈകൊട്ടിക്കൊടുക്കാതെ അതിനെതിരെ ശബ്ദമുയർത്താൻ തയ്യാറാകണം. ആടിനെ പട്ടിയാക്കുന്ന നിലപാടാണ് ഇക്കാര്യത്തിൽ ഉമ്മൻചാണ്ടിയും കൂട്ടരും സ്വീകരിച്ചത്. യു.ഡി.എഫ് ഭരണകാലത്ത് പൊതുവിതരണ സംവിധാനം ശക്തമായിരുന്നില്ല. എൽ.ഡി.എഫ് ഗവൺമെന്റ് അല്ലായിരുന്നു ഇന്ന് സംസ്ഥാനം ഭരിച്ചിരുന്നതെങ്കിൽ പട്ടിണി മരണം ഒരുപാടുണ്ടായേനേ. ഖജനാവ് നിറഞ്ഞു കവിഞ്ഞതുകൊണ്ടല്ല സർക്കാർ പണം ചിലവഴിക്കുന്നത്. പാവപ്പെട്ട ജനങ്ങളോടുള്ള പ്രതിബദ്ധത കൊണ്ടാണ്. വിലക്കയറ്റത്തിനെതിരെ സി.പി.എം നടത്തുന്ന സമരം കൂടുതൽ ശക്തമാക്കുമെന്നും പിണറായി പറഞ്ഞു. സി.പി.എം ജില്ലാ സെക്രട്ടറി സി.ബി ചന്ദ്രബാബു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം പി.കെ ചന്ദ്രാനന്ദൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്ആർ. നാസർ, ആലപ്പുഴ നഗരസഭാ ചെയർമാൻ പി.പി.ചിത്തരഞ്ജൻ, എ. രാഘവൻ, എസ്. ദാമോദരൻപിള്ള, എച്ച്. സലാം, പി.കെ. സോമൻ എന്നിവർ സംസാരിച്ചു.

വിലക്കയറ്റത്തിനെതിരെ സി.പി.എം നടത്തുന്ന കേന്ദ്ര സർക്കാർ ഓഫീസ് ഉപരോധത്തിന്റെ ഭാഗമായി ആലപ്പുഴ ടെലികോം ഓഫീസിനുമുന്നിൽ നടന്ന സമരം സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരത്ത് വനിതാ സംവിധായകരുടെ ചലച്ചിത്രമേള

തിരുവനന്തപുരം : അംഗീകാരങ്ങളും പ്രശംസകളും ഏറ്റുവാങ്ങിയ ഏഷ്യൻ വനിതാ സംവിധായകരുടെ ചിത്രങ്ങൾ തിരുവനന്തപുരത്തെത്തുന്നു. നിരവധി മേളകളിൽ കൈയ്യടി നേടിയ ഈ ചിത്രങ്ങൾ ബിഗ് സ്ക്രീനിൽ കാണാൻ പ്രേക്ഷകർക്ക് ലഭിക്കുന്ന ഈ അപൂർവ്വ അവസരം ഒരുക്കുന്നത്.

കേരള ചലച്ചിത്ര അക്കാദമിയും തിരുവനന്തപുരം അലൈൻസ് ഫ്രാൻസും ചേർന്നാണ് മാർച്ച് 13, 14 തീയതികളിൽ തിരുവനന്തപുരം കലാഭവനിൽ വച്ച് നടക്കുന്ന ചലച്ചിത്ര മേളയിൽ ഇരുപതിലധികം ചിത്രങ്ങൾ പ്രദർശിപ്പിക്കും. ആരാധനാ സേത്ത്, നീന സബ്ബാനി, പ്രിയങ്കാ യാബ്റ, നളിനി ബോധി തുടങ്ങിയവർക്കൊപ്പം ഗീതു മോഹൻദാസ്, അഞ്ജലി മേനോൻ, ശ്രീ ബാലാ കെ. മേനോൻ എന്നിവരുടെ ചിത്രങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്.

സംവിധായകർ പങ്കെടുക്കുന്ന ഓപ്പൺ ഫോറവും ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ് കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 0471 2320666

Published by Prasad Lakshmanan for Kala Kaumudi Publications (P) Ltd., (Reg. No. of RNI 49829/90 Regd. No. MH/MR/SOUTH-170/2009-11) Vol. No. 21 Issue No. 215 from 19/1, Jolly Maker Chambers II, Nariman Point, Mumbai-21 and Printed by him at Dangat Media Private Limitted, Marwah Estate, Sakivihar Road, Mumbai-400072. .
Editor: Prasad Lakshmanan. Phones: 22025106 (News) 22025196 (Advt). Fax: 22040679. 0471-3078979 e-mail: desk@kalakaumudi.com